**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - പതിനൊന്നാം ശമ്പള പരിഷ്കരണം - പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് - PA to DGP എന്ന തസ്തികയ്ക്കു തെറ്റായി അനുവദിച്ചിട്ടുള്ള സ്പെഷ്യൽ അലവൻസ് നീക്കം ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ (കൈ) നം. 46/2024/(50)/ധന.** **തിരുവനന്തപുരം, തീയതി, 16/04/2024**

---

പരാമർശം - സ.ഉ (അച്ചടി) നം.27/2021/ധന. തീയതി 10.02.2021

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേയും ശമ്പളവും അലവൻസുകളും പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുളള പരാമർശം ഉത്തരവ് പ്രകാരം പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പിനു കീഴിലുള്ള ഷെഡ്യൂളിൽ PA to DGP തസ്തികയ്ക്ക് 610/- രൂപ സ്പെഷ്യൽ അലവൻസായി അനുവദിച്ചു നൽകിയിരുന്നു . സി.എ തസ്തികയുടെ പ്രൊമോഷൻ തസ്തികയായി ഡി .ജി.പി തസ്തികയോട് അറ്റാച്ച് ചെയ്തിട്ടുള്ള തസ്തികയാണ് PA to DGP എന്ന നിഗമനത്തിലാണ് വകുപ്പുതലവനോട് അറ്റാച്ച് ചെയ്തിട്ടുള്ള സി.എ / പി.എ തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ള സ്പെഷ്യൽ അലവൻസ് 610/- രൂപ ടി തസ്തികയ്ക്ക് അനുവദിച്ചിട്ടുള്ളത്. എന്നാൽ ജയിൽ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് PA to DGP എന്നതും, അതിനാൽതന്നെ പേഴ്സണൽ അസിസ്റ്റന്റ് എന്ന രീതിയിലുള്ള പൊതു സർവ്വീസിലെ ഒരു സേവനമല്ലPA to DGP ചെയ്തു വരുന്നത് എന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പിനു കീഴിലുള്ള ഷെഡ്യൂളിൽ PA to DGP എന്ന തസ്തികയ്ക്ക് തെറ്റായി അനുവദിച്ചിട്ടുള്ള സ്പെഷ്യൽ അലവൻസ് 610/- രൂപ നീക്കം ചെയ്തു കൊണ്ട് പരാമർശം ഉത്തരവ് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**സതീഷ് കുമാർ.എസ്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ആഭ്യന്തര വകുപ്പ്
ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പബ്ലിക്ക് റിലേഷൻസ്
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-2298322)**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**